IV. സബ്മിഷൻ

1. കാസർകോടു ജില്ലയുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ

ശ്രീ. സി.ടി. അഹമ്മദ് അലി: സർ, 1957 മുതൽ 1982 വരെ കേരളത്തിൽ മാറിമാറി വന്ന പല ഗവൺമെന്റുകളുണ്ടായിരുന്നു. ഈ ഗവൺമെന്റുകളെല്ലാം തന്നെ കാസർകോടു മേഖല വളരെ പിന്നോക്കമാണെന്ന് അംഗീകരിച്ചത് യാഥാർത്ഥ്യമാണ്. അതേയവസരത്തിൽ പല പദ്ധതികളും ആ മേഖലയിൽ ഉണ്ടാക്കണമെന്ന് അംഗീകരിച്ചിരുന്നുവെങ്കിലും, ഇന്നും ആ പ്രദേശം അവഗണിക്കപ്പെട്ടുകിടക്കുകയാണ്. 1971-ൽ അന്നത്തെ മുന്നണി ഗവൺമെന്റ് ആ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി ചന്ദ്രഭാനു കമ്മീഷനെ നിയമിക്കുകയും ചന്ദ്രഭാനുകമ്മീഷൻ ശുപാർശ ചെയ്ത 22 കോടി രൂപയുടെ പദ്ധതികൾ ഇന്നും വെളിച്ചം കാണാതെ കിടക്കുകയുമാണ്. ഈ സാമ്പത്തിക വർഷം ആകെ 45 ലക്ഷം രൂപ മാത്രമാണ് ഈ പ്രദേശത്തിനുവേണ്ടി അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് 1971-ൽ രൂപം കൊണ്ട പദ്ധതികൾക്കുവേണ്ടി അനുവദിച്ച അന്നത്തെ സംഖ്യ ഏകദേശം ഇന്നത്തെ സംഖ്യ അനുസരിച്ചാണെങ്കിൽ അതിന്റെ പത്തിരട്ടിയോളം വർദ്ധിക്കാനിടയുണ്ട്. അടിയന്തിരമായി ആ മേഖലയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി 'കാഡാ' (കെ.എ.ഡി.എ.) രൂപീകരിക്കുകയുണ്ടായി. കാസർകോട് ജില്ല നിലവിൽ വന്നതോടുകൂടി 'കാഡാ' അബോളിഷ്ചെയ്യുകയുണ്ടായി. ഈ ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി അടിയന്തിരമായി സ്റ്റാറ്റ്യൂട്ടറി അധികാരത്തോടു കൂടിയ കാസർകോട് ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിച്ച് അതിന് ആവശ്യമായ തുക നീക്കിവച്ചുകൊണ്ട് ആ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, പിന്നോക്ക പ്രദേശങ്ങൾക്കുള്ള വികസനപദ്ധതിയുടെ കീഴിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. വയനാട്, കാസർകോട്, ഇടുക്കി എന്നീ ജില്ലകൾക്കാണ് ഈ പ്രത്യേക പദ്ധതിയനുസരിച്ചുള്ള സഹായം ലഭിക്കുന്നത്. അക്കാര്യത്തിൽ മൊത്തം അലോട്ടുമെന്റിന്റെ ഏകദേശം 50% ത്തോളം കാസർകോട് ജില്ലയ്ക്കാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം ഒരുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 50 ലക്ഷം രൂപ കാസർകോട് ജില്ലയ്ക്ക് ലഭിക്കും. പദ്ധതി നടത്തിപ്പിൽ ജില്ലാതലത്തിൽ അലോട്ടുമെന്റ് നടത്തുമ്പോൾ കാസർകോട് ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകി കൂടുതൽ ഫണ്ട് അലോട്ടുചെയ്യാൻ വകുപ്പദ്ധ്യക്ഷൻമാർക്ക് പ്ലാനിംഗ് ബോർഡ് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർകോട് ജില്ലയുടെ പിന്നോക്കാവസ്ഥ ഘട്ടംഘട്ടമായിട്ടുള്ള പ്രവർത്തനങ്ങൾകൊണ്ടു മാത്രമേ മാറ്റിയെടുക്കാനാവൂ. ഏതിയാ വികസന അതോറിറ്റി പുനരുദ്ധരിക്കുന്നത് പ്രശ്നത്തിന് പരിഹാരമാവില്ലെന്ന് ഗവൺമെന്റ് കരുതുന്നു.

2. തിരുവാങ്കുളം, രാമമംഗലം, മണീട്, മുളംതുരുത്തി, ചോറ്റാനിക്കര പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം

ശ്രീ. ബെന്നി ബഹനാൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തിരുവാങ്കുളം, രാമമംഗലം, മണീട്, മുളംതുരുത്തി, ചോറ്റാനിക്കര എന്നീ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ സഭയുടെ മുൻപിൽ അവതരിപ്പിക്കുന്നത്. ഈ അഞ്ച് പഞ്ചായത്തുകളേയും പ്രൊജക്ട് വില്ലേജിൽ ഉൾപ്പെടുത്തി, ഇവിടെ സമഗ്രമായ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റിയ്ക്ക് അയച്ചിട്ടുണ്ട്. സാധാരണയായി ഇത്തരം സമഗ്രമായ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് അത്യാവശ്യം അതിനുള്ള വാട്ടർ സോഴ്സാണ്. എന്നാൽ മൂവാറ്റുപുഴയ്ക്കരികിൽ കൂടി കടന്നുപോകുന്ന ഈ 5 പഞ്ചായത്തുകളും മറ്റുപല പഞ്ചായത്തുകളിലേയ്ക്കുമുള്ള ശുദ്ധജല വിതരണത്തിനുള്ള വാട്ടർ സോഴ്സ് കണ്ടെത്തുന്നത് അവിടെ നിന്നാണ്. അതു കൊണ്ട് എത്രയും വേഗം ഈ അഞ്ച് പഞ്ചായത്തുകളിലേയും ശുദ്ധജല വിതരണ പദ്ധതികളും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ബഹുമാനപ്പെട്ട ബെന്നിബഹനാൻ പറഞ്ഞ കാര്യങ്ങളിലേക്ക് ഗവൺമെന്റ് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. രാമമംഗലത്ത് ഒരു ലാർജർ സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയാണ്. മണീട് 75 ലക്ഷം രൂപ വരുന്ന ഒരു വലിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. തിരുവാങ്കുളത്ത് അതുപോലെതന്നെ ബൃഹത്തായ 18 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് രൂപം നൽകികഴിഞ്ഞിരിക്കുന്നു. ചോറ്റാനിക്കര ഒരു വലിയ പദ്ധതി 20 ലക്ഷം രൂപയുടേത് രൂപം നൽകി വരുന്നുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ ആക്സിലറേറ്റഡ് വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്താൻ വേണ്ടി കേന്ദ്രഗവൺമെന്റിലേയ്ക്ക് അയയ്ക്കുകയാണ്. ഉടനേതന്നെ അത് സാധിച്ചു തരുന്നതാണ്.

3. തിരുവനന്തപുരം നഗരത്തിലെ കല്ലടിമുഖത്ത് ബണ്ട് നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, തിരുവനന്തപുരം നഗരത്തിൽ കിള്ളിയാറും കരമനയാറും സന്ധിക്കുന്ന പ്രദേശമാണ് കല്ലടിമുഖം. ഈ പ്രദേശം ഒരു വെള്ളപ്പൊക്കത്തിന്റെ ഭീഷണിയിലാണ്. അവിടെ ഒരു താൽക്കാലിക ബണ്ട് ഉണ്ടായിരുന്നു. വളരെയേറെ അവികസിതമായ ഒരു പ്രദേശമാണത്. ചെയർ നേരിട്ടു കണ്ട സ്ഥലമാണ്. രണ്ടും മൂന്നും കിലോമീറ്റർ നടന്നാലേ ബസ് യാത്രചെയ്യാൻ സാധിക്കുകയുള്ളൂ. ആട്ടോറിക്ഷാപിടിച്ച് പോകാനും സാധിക്കാത്ത സ്ഥിതിയിലുള്ള പ്രദേശമാണ്. അവിടെ സർക്കാർ അളന്ന് കല്ലിട്ടിട്ടുള്ള സ്ഥലത്ത് ഒരു പക്കാ-ബണ്ട് നിർമ്മിച്ചാൽ വെള്ളപ്പൊക്ക നിരോധനത്തിനും അതോടൊപ്പംതന്നെ ആ പ്രദേശത്തിന്റെ വികസനത്തിനും ആധാരമായ രീതിയിൽ ഗതാഗത സൗകര്യമുണ്ടാകുമെന്നുള്ളതുകൊണ്ട് സർക്കാർ അളന്ന് കല്ലിട്ടിട്ടുള്ള രീതിയിൽ കല്ലടിമുഖം മുതൽ തിരുവല്ലംവരെ ഒരു പക്കാബണ്ട് നിർമ്മിക്കണമെന്ന് ഞാൻ ഗവൺമെന്റിലേയ്ക്ക് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കല്ലടിമുഖം മുതൽ തിരുവല്ലംവരെയുള്ള വെള്ളപ്പൊക്ക പ്രതിരോധ ബണ്ട് നിർമ്മിച്ചിട്ടുള്ളത് കരമനയാറിൽ നിന്നുള്ള വെള്ളപ്പൊക്കം തടയാൻവേണ്ടിയാണ്. അവിടെ നിലവിലുള്ള ബണ്ട് ഈ ആവശ്യത്തിന് മതിയാകുന്നതാണ്, അതിനാൽ വെള്ളപ്പൊക്ക പ്രതിരോധത്തിനായി

LIBRARY ARCHIVES Kerala Legislative Assembly